നേർച്ച നേരുന്നത് നബി -صلى الله عليه وسلم- വിലക്കുകയുണ്ടായി. അവിടുന്ന്
പറഞ്ഞു: "അത് യാതൊരു നന്മയും കൊണ്ടുവരുന്നില്ല.
പിശുക്കൻ്റെ (സമ്പത്ത്) അതിലൂടെ പുറത്തു
കൊണ്ടുവരപ്പെടുക മാത്രമേ ചെയ്യുന്നുള്ളൂ
അബ്ദുല്ലാഹി ബ്നു ഉമർ -ماَ ُهْنَع هُ

َ ِض َي الل
ر- നിവേദനം: നേർച്ച നേരുന്നത് നബി -صلى الله عليه وسلم-വിലക്കുകയുണ്ടായി. അവിടുന്ന് പറഞ്ഞു: "അത് യാതൊരു നന്മയും കൊണ്ടുവരുന്നില്ല.
പിശുക്കൻ്റെ (സമ്പത്ത്) അതിലൂടെ പുറത്തു കൊണ്ടുവരപ്പെടുക മാത്രമേ
ചെയ്യുന്നുള്ളൂ."
[صحيح] [متفق عليه]
നേർച്ച നേരുക എന്നത് നബി -صلى الله عليه وسلم- വിലക്കിയിരിക്കുന്നു. അല്ലാഹു മതപരമായി
നിർബന്ധമാക്കിയിട്ടില്ലാത്ത ഒരു കാര്യം ഒരാൾ സ്വയം തൻ്റെ മേൽ നിർബന്ധമാക്കുന്നതിനാണ്
നേർച്ച എന്നു പറയുന്നത്. അല്ലാഹു വിധിച്ച എന്തെങ്കിലുമൊരു കാര്യം നേരത്തെയാക്കാനോ
വൈകിപ്പിക്കാനോ നേർച്ച കൊണ്ട് സാധ്യമല്ല എന്ന് നബി -صلى الله عليه وسلم- അറിയിക്കുന്നു. തൻ്റെ മേൽ
നിർബന്ധമായ കാര്യങ്ങൾ മാത്രം പ്രവർത്തിക്കുന്ന പിശുക്കൻ്റെ (സമ്പത്ത്) പുറത്ത്
കൊണ്ടുവരിക എന്നത് മാത്രമാണ് അത്കൊണ്ട് ഉണ്ടാവുന്നത്. നേർച്ചയിലൂടെ അവന്
വിധിക്കപ്പെടാത്ത എന്തെങ്കിലുമൊന്ന് സാധിച്ചെടുക്കാൻ അവന് സാധിക്കില്ലെന്ന്
ചുരുക്കം.
https://sunnah.global/hadeeth/ml/show/2960